**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളത്; | (എ) | പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് പ്രവൃത്തികൾ എല്ലാംതന്നെ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട്, എറുണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിൽ ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള Ist tier & 2nd tier ശ്രേണിയിലുള്ള ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | രണ്ടാംഘട്ട ഗുണനിവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പരിശോധനയുടെയും, രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യതാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മാർഗ്ഗനിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള സ്വതന്ത്ര ലാബുവഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതാണ്. കൂടാതെ സൈറ്റിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള Automated Mobile Quality Control Lab 3 റീജിയണൽ ലാബുകളിലേക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തി കൊണ്ട് ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രവൃത്തികൾ എല്ലാംതന്നെ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട്, എറുണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിൽ ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള Ist tier & 2nd tier ശ്രേണിയിലുള്ള ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാംഘട്ട |

| | | | |
|---|---|---|---|
| | | | ഗുണനിലവാര പരിശോധനകൾ നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട ഗുണനിവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പരിശോധനയുടെയും, രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യതാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മാർഗ്ഗനിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള സ്വതന്ത്ര ലാബുവഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതാണ്. കൂടാതെ സൈറ്റിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള Automated Mobile Quality Control Lab 3 റീജിയണൽ ലാബുകളിലേക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ